കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

*e-mail: dopkd.ksad@kerala.gov.im*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.8/304/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി. 02.05.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 13, 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.8/304/2017 തീയ്യതി: 02.05.2017

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27-02-2015 മുതൽ 03-02-2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-02-17 മുതൽ 10-02-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സി.എസ്.സന്തോഷ്,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.സരിത,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എ.നസീറാബാനു,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എ.രാമകൃഷ്ണൻ | 1-4-2015 മുതൽ 10-10-2015 വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി | 11-10-2015 മുതൽ 18-11-2015 വരെ |
| | ശ്രീമതി.പി.ഷേളി | 19-11-2015 മുതൽ 31-03-16 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ.കെ.ഉണ്ണികൃഷ്ണൻ | 1-04-15മുതൽ 8-02-16വരെ |
| | ശ്രീ.സാദിക്ഹുസൈൻ.എം.എച്ച്, ബി.പി.ഒ (അഡീഷണൽ ചാർജ്ജ്) | 9-02-16മുതൽ 18-2-2016 വരെ |
| | ശ്രീ.ഡി.വി.അബ്ദുൾജലീൽ | 19-02-16മുതൽ 31-3-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. എം.കെ. സുഭാഷ് | 1-04-15 മുതൽ 31-03-16 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.എസ്.രാധാലക്ഷ്മി | 1-4-2015മുതൽ 31-03-16 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.സരസ്വതി.എ.കെ | 1-4-2015മുതൽ 31-03-16 വരെ |
| സൂപ്രണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോ. മൈനാവതി | 1-4-2015മുതൽ 31-03-16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.പി.ഷാജി | 1-4-2015മുതൽ 31-03-16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സുഷമ.പി.എം | 1-4-2015മുതൽ 23-02-16 വരെ |
| | ശ്രീമതി.ഹഫ്സ.എം.എസ് | 24-2-2016 മുതൽ 31-03-16 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.ശാന്ത.കെ | 1-4-2015മുതൽ 31-03-16 വരെ |

## ഉള്ളടക്കം

## ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം | ഇനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| ഭാഗം-2 – പരാമർശങ്ങൾ ഇല്ല | | |
| ഭാഗം 3<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് | | |

| | | |
|---|---|---|
| പരാമർശങ്ങൾ | | |
| 1 | വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള പാർക്ക് നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| 2 | പ്രവൃത്തികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് ക്രമപ്രകാരമല്ല | 3-2 |
| 3 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ് | 3-3 |
| 4 | വൈദ്യുതിബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 |
| 5 | ബ്ലോക്ക് പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-5 |
| 6 | പട്ടികജാതി യുവാക്കൾക്ക് സൈനികപരിശീലനം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 7 | പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം-പദ്ധതി ശരിയായി മോണിറ്ററിംഗ് നടത്തിയിട്ടില്ല | 3-7 |
| 8 | വേഗ വിഹിതം (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-8 |
| 9 | ഐ.എ.വൈ ഭവനനിർമ്മാണം - അവലോകനം | 3-9 |
| 10 | പദ്ധതി ആസൂത്രണത്തിലെ പാളിച്ച - വികസനഫണ്ട് പാഴായി | 3-10 |
| | ഭാഗം-4<br>ഓഡിറ്റ് പ്രത്യവലോകനം | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയവിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് അംഗീകരിച്ച തിയതി/തീരുമാനം നമ്പർ |
|---|---|
| 2015-16 | തീരുമാനം നം. 1 തിയതി 03-03-2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-16 | 29-07-16 |

## 1-3 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 65363134 | 148701192 | 214064326 | 158044516 | 56019810 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റുക | RP (40b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 7128751 | 15101913 + 4323858 (TC) | 26554522 | 26554522 | 0 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 9142017 | 17885711 | 27027728 | 22703870 | 4323858 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 111000 | 111000 | 111000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1113788 | 3141000 | 4254788 | 2335961 | 1918827 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 115 | 153594307 | 81 | 51840353 | 4 | 30 | 70 % |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-11-2015 മുതൽ 2-12-2015 വരെ | 2014-15 | 001/പി.എ/2016 /26-04-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-16 മുതൽ 3-3-2016 വരെ | 29.2.16 മുതൽ 2.3.16 വരെ | OAHQIII/III/ 12-378/15-16 7-04-16 |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള പാർക്ക് നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല

കളപ്പെട്ടി എന്ന സ്ഥലത്ത് ജലസേചന വകുപ്പിന്റെ കനാലിനു മുകളിൽ 60 മീറ്റർ നീളത്തിൽ സ്ലാബ് നിർമ്മിച്ച് വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള പാർക്ക് നിർമ്മിക്കുന്നതിനായി 2015-16 വർഷത്തിൽ 3050000 രൂപയുടെ അടങ്കൽ നിശ്ചയിച്ച് ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പിനായി എം.എൽ.എ ഫണ്ട് വിഹിതം പ്രതീക്ഷിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാകാതിരുന്നതിനാൽ വികസനഫണ്ട് വിഹിതം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം ആരംഭിച്ചുവെങ്കിലും നാളിതുവരെ പദ്ധതിയുടെ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല. 60 മീറ്റർ നീളത്തിൽ കോൺക്രീറ്റ് പില്ലറുകൾ

ഇരുവശത്തുമായി നിർമ്മിച്ചിട്ടുണ്ടെങ്കിലും ഏകദേശം 10 മീറ്റർ നീളത്തിൽ മാത്രമാണ് സ്ലാബ് നിർമ്മിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 115/16

അടങ്കൽ - വികസന ഫണ്ട് - 1550000

കരാറുകാരൻ - ശ്രീ.കെ.ഹരിദാസൻ

എഗ്രിമെന്റ് നം. - 45/27-1-2016

ചെലവ് - 1365150

ബിൽ നം. 76/31-3-2016

അളവു പുസ്തകം നം. 24/15-16

എം.എൽ.എ ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 15.5 ലക്ഷം രൂപയുടെ വികസനഫണ്ട് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് അകത്തേത്തറ എൻ.എസ്.എസ് എഞ്ചിനിയറിംഗ് കോളേജിൽ നിന്നും ലഭ്യമാക്കിയ ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ 15-2-2016 ലെ തീരുമാനം നം. 5 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ടെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

കനാലിനു കുറുകെ നിർമ്മാണം നടത്തുന്നതിനായി ഇറിഗേഷൻ പ്രൊജക്റ്റിന്റെ ചീഫ് എഞ്ചിനിയറിൽ നിന്നുള്ള അനുമതി ലഭ്യമാക്കുകയും 23-2-2016 ന് പ്രവൃത്തി ആരംഭിച്ച് 29-3-2016 ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയ്ക്ക് അനുസൃതമായി പില്ലറുകളുടെ നിർമ്മാണവും ഭാഗികമായ സ്ലാബ് നിർമ്മാണവും മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളത്. 7-2-2016ന് അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ഇക്കാര്യം ബോധ്യപ്പെട്ടു.
ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് പദ്ധതി പൂർത്തീകരിക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 1/7-2-2016 നുള്ള മറുപടിയിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

2016-17 വർഷത്തിൽ കനാലിന്റെ ബാക്കി ഭാഗം കവർ ചെയ്യുന്നതിനും, മഡ് ലെവലിംഗിനുമായി വികസന ഫണ്ടിൽ നിന്നും 18.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും എം.എൽ.എ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ കൂടി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.
പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കി ചെലവഴിച്ച തുക പാഴാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഇത്തരം ബൃഹദ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുമ്പായി ആവശ്യമായ സാധ്യതാപഠനം നടത്തേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള പഠനം നടത്തിയതിന് രേഖകളില്ല. ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ എല്ലാ ഘടകങ്ങളും ഒന്നിച്ച് ഉൾപ്പെടുത്തി സമഗ്രമായ പദ്ധതി തയ്യാറാക്കുകയും ആയതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രൊജക്റ്റ് ആയി പദ്ധതി നടപ്പിലാക്കുന്നതിനു പകരം ഓരോ വർഷത്തേയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായി മാത്രം പ്രവൃത്തികൾ നടത്തുന്നത് അഭികാമ്യമല്ല. ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്ത് ഇത്തരത്തിലുള്ള സംരംഭങ്ങൾ നടത്തുവാനുള്ള എല്ലാ അനുമതികളും പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിനു മുമ്പായി ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
പദ്ധതി, പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകാത്തപക്ഷം നാളിതുവരെയുള്ള ചെലവ് പാഴ്ച്ചെലവായി തീരുമെന്നതിനാൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



ചിത്രം 1 – നാളിതുവരെ പൂർത്തീകരിച്ച സ്ലാബിന്റെ ഭാഗം



ചിത്രം 2 – സ്ലാബ് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള കനാലിന്റെ ഭാഗം

## 3-2 പ്രവൃത്തികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി കരാറുകാരൻ ഒപ്പുവെച്ച എഗ്രിമെന്റിലെ വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്ന് സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാർ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പൂർത്തീകരി | പൂർത്തീകരിച്ച | ഈടാക്കേണ്ട പിഴ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ക്കേണ്ടിയിരുന്ന തിയതി | തിയതി | |
| 1 | 123/15-ബ്ലോക്ക് ഓഫീസ് കെട്ടിടം റിപ്പയർ<br>കരാർ തുക -700000<br>കരാറുകാരൻ- ശ്രീ.വി.കെ.സഞ്ജീവ്<br>എഗ്രിമെന്റ് നം.<br>47/7-1-15<br>അളവുപുസ്തകം- 13/2014<br>ബിൽ നം.15/10-8-15 ചെലവ് - 697428 രൂപ. | 31-3-2015 | 20-6-2015 | ഗ്രേസ് പിരീഡ്- 17 പദ്ധതിദിവസം<br>18-4-2015 മുതൽ 20-6-2015 വരെ = 700000x(64/90)x 1/100 = 4978 |
| 2 | 46/15-പൂളക്കൽപറമ്പ് റോഡ് മെറ്റലിംഗ് -ടാറിംഗ്<br>കരാർ തുക -1050000<br>കരാറുകാരൻ- ശ്രീ.സി.മുകുന്ദൻ<br>എഗ്രിമെന്റ് നം.<br>50/7-1-15<br>അളവുപുസ്തകം- 15/2014<br>ബിൽ നം.4/30-6-15 ചെലവ് - 1050000 രൂപ. | 31-3-2015 | 19-6-2015 | ഗ്രേസ് പിരീഡ്- 17 ദിവസം<br>18-4-2015 മുതൽ 19-6-2015 വരെ 1% = 1050000x(63/90)x 1/100 = 7350 |
| 3 | 43/15-മാവടി എസ്.സി കോളനി തോട് സംരക്ഷണം<br>കരാർ തുക-700000<br>കരാറുകാരൻ- ശ്രീ.സി.വാസുദേവൻ<br>എഗ്രിമെന്റ് നം.<br>5/19-1-15<br>അളവുപുസ്തകം- 6/2014<br>ബിൽ നം.23/30-12-15 ചെലവ് - 533686 രൂപ. | 31-3-2015 | 15-7-15 | ഗ്രേസ് പിരീഡ്- 15 ദിവസം<br>16-4-2015 മുതൽ 15-7-2015 വരെ 1% = 700000x x1/100 = 7000 |
| 4 | 26/15-പാങ്ങോട് റോഡ് കോൺക്രീറ്റിംഗ്- | 31-3-2015 | 24-11-15 | ഗ്രേസ് പിരീഡ്- 29 ദിവസം |

| | | | | |
|---|---|---|---|---|
| | കണ്ണാടി<br>കരാർ തുക-300000<br>ശ്രീ.എം.ചന്ദ്രൻ<br>എഗ്രിമെന്റ് നം.<br>32/7-11-2014<br>അളവുപുസ്തകം-1/15-16<br>ബിൽ നം.30/19-1-16 ചെലവ് - 300000 രൂപ. | | | 30-4-2015 മുതൽ 29-7-2015 വരെ 1% = 300000x x1/100 = 3000<br>30-7-2015 മുതൽ 29-10-2015 വരെ 1% = 300000x x2/100 = 6000<br>30-10-2015 മുതൽ 24-11-2015 വരെ 2% = 300000x(25/90) x2/100 = 1667<br>ആകെ - 10667 |
| ആകെ | | | | 29995 |

നിയമാനുസൃത പിഴ ഈടാക്കി മാത്രം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് - കാര്യക്ഷമമാക്കേണ്ടതാണ്

2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കേണ്ടതാണ്

സ.ഉ(പി) നം. 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പ് ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും രേഖകളുടെ സൂക്ഷിപ്പിലും ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യൂ ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യൂ, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നതരത്തിൽ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കി വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വൈദ്യുതിബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 65/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ

ബിൽ നം. 19/15-9-2015 പ്രകാരം 45667 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് താഴെ പറയും പ്രകാരം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | തുക | വിശദാംശം |
|---|---|---|---|
| 1 | പാലപ്പൊറ്റ കോട്ടായി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 35000 | ഡി.ഡി.നം. 241742/10-9-2015 പ്രകാരം വെണ്ണക്കര ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തു. |
| 2 | ചിതലി മുതൽ നൂലിടാംപാറ വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 10667 | ഡി.ഡി.നം. 241741/10-9-2015 പ്രകാരം കുഴൽമന്ദം ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തു. |
| ആകെ | | 45667 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ബ്ലോക്ക് പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ - മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്റ്റ് നമ്പർ -126/16

അടങ്കൽ - 100000

ചെലവ് - 99925 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ -18 / 18-2-16 - 94200

ബിൽ നമ്പർ -20 / 22-2-16 -5725

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 ൽ വ്യക്തമാക്കിയിട്ടുള്ളതനുസരിച്ച് മതിപ്പു വില 50000 മുതൽ 100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും, 4 മുതൽ 6 ടെണ്ടറുകളുണ്ടായിരിക്കേണ്ടതുമണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പദ്ധതിപ്രകാരം വാങ്ങൽ നടത്തിയപ്പോൾ ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കാതെ ക്വട്ടേഷൻ നടപടിയിലൂടെ, മൂന്ന് ഘട്ടങ്ങളായി ചെലവ് നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ഡിസ്ട്രിക്ട് സപ്ലൈ & മാർക്കറ്റിങ് സൊസൈറ്റിയിൽ നിന്ന് രണ്ട് തവണ ഫർണീച്ചറുകൾ വാങ്ങുകയും, അവശേഷിക്കുന്ന തുകയ്ക്ക് ഹരിശ്രീ സ്റ്റീൽസ് കുഴൽമന്ദം എന്ന സ്ഥാപനത്തിൽ നിന്നും അലമാര വാങ്ങുകയും ചെയ്ത നടപടി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്. വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| ഡിസ്ട്രിക്ട് സപ്ലൈ & മാർക്കറ്റിങ് സൊസൈറ്റിയിൽ | 13902/ 28-10-15 | 46100 |
| -ടി- | 13812/ 22-1-16 | 48100 |
| ഹരിശ്രീ സ്റ്റീൽസ് കുഴൽമന്ദം | 127/ 18-2-2016 | 5725 |
| ആകെ | | 99925 |

വാങ്ങലുകൾക്കായി പർച്ചേയ്സ് കമ്മിറ്റി കൂടുകയോ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാങ്ങേണ്ട സാധനങ്ങൾക്ക് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തേണ്ടതാണ്.
2. വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെയും, സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും, ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്.
3. ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവയുടെ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ്.
4. ബ്ലോക്ക് സെക്രട്ടറി/ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കുകയും, വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലും, മാർഗ്ഗനിർദ്ദേശത്തിലും വാങ്ങൽ ടീം പ്രവർത്തിക്കേണ്ടതാണ്.
5. വാങ്ങലുകൾ നടത്തുമ്പോൾ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പട്ടികജാതി യുവാക്കൾക്ക് സൈനികപരിശീലനം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -28/16 -പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 3024000 (വികസനഫണ്ട് -S C P – 2856000 + ഗുണഭോക്തൃ വിഹിതം – 168000)

ചെലവ് -11,90,000 രൂപ

ട്രഷറി ബില്ലുകൾ

1) 5/15-16/24-08-15 - 7,14,000

2)15/15-16/31-12- 15-51,000

3) 16/15-16/26-01-16- 80,750

3) 19/15-16/30-01-16 -25,500

4)20/15-16/20-02-16 -80,750

5)25/15-16/23-03-16- 51,000

6)27/15-16/23-03-16 -1,87,000

ആകെ - 11,90,000 രൂപ

കുഴൽമന്ദം ബ്ലോക്കിലെ പട്ടികജാതിവിഭാഗത്തിൽപ്പെട്ട 168 യുവാക്കൾക്ക് സർക്കാർ അംഗീകൃത ഏജൻസിയായ Pre-Recruitement Training Centre (P R T C), കോഴിക്കോട് മുഖേന സൈനിക, അർദ്ധസൈനിക, പോലീസ് വിഭാഗങ്ങളിൽ ജോലികൾ നേടാൻ സഹായകരമാകുന്ന പരിശീലനം നൽകുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രോജക്ടാണിത്. എസ്.എസ്.എൽ.സി പാസായ, മതിയായ ശാരീരിക യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളെ സ്ഥാപനം നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് വഴി തെരഞ്ഞെടുത്ത് രണ്ടു മാസത്തെ പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആവശ്യമായ മുന്നൊരുക്കങ്ങളുടെയും ശരിയായ മോണിറ്ററിംഗ് സംവിധാനത്തിന്റെയും അഭാവത്താൽ പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

168 പേർക്ക് പരിശീലനം നൽകുന്നതിന് തുക വകയിരുത്തിയെങ്കിലും ആകെ 70 ഉദ്യോഗാർത്ഥികൾക്ക് മാത്രമാണ് പരിശീലനം നൽകിയിരിക്കുന്നത്. ഒരാളുടെ പരിശീലന ചെലവ് 18000 രൂപയാണ് (17000 രൂപ വികസന ഫണ്ട് + 1000 രൂപ ഗുണഭോക്തൃ വിഹിതം).

പദ്ധതിക്കായി ഗുണഭോക്താക്കൃ തെരഞ്ഞെടുപ്പ് നടത്തിയതിലും പരിശീലനം നടപ്പിലാക്കിയതിലും താഴെ പറയുന്ന അപാതകൾ കണ്ടെത്തി.

1. പ്രോജക്ട് ആവിഷ്കരിക്കുന്നതിന് മുമ്പ് തന്നെ മതിയായ എണ്ണം ഗുണഭോക്താക്കൾ ഉണ്ടാകുമെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ആകെ ഗുണഭോക്താക്കളുടെ 50% പേരെ പോലും കണ്ടെത്താതെയാണ് സ്ഥാപനത്തിന് എസ്റ്റിമേറ്റ് തുകയുടെ 25% നൽകിയിരിക്കുന്നത് . (പിന്നീട് ഈ തുക ക്രമീകരിച്ചിട്ടുണ്ട്.)

2. സൈനിക പരിശീലനത്തിന് അവശ്യം വേണ്ടത് മതിയായ ശാരീരിക യോഗ്യതകളാണ്. എന്നാൽ ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കുറഞ്ഞ ശാരീരിക യോഗ്യതകൾ എന്തെല്ലാമാണെന്ന് പ്രോജക്ടിലോ മറ്റ് രേഖകളിലോ പരാമർശിച്ചിട്ടില്ല. ഉദ്യോഗാർത്ഥികളെ ക്ഷണിച്ചു കൊണ്ടുള്ള പത്രക്കുറിപ്പിൽ 167 സെന്റീ മീറ്റർ ഉയരം വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിട്ടുള്ള എല്ലാ അപേക്ഷകളിലും അപേക്ഷകന്റെ ഉയരം, തൂക്കം, നെഞ്ചളവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. സ്ഥാപനം സ്ക്രീനിംഗ് നടത്തിയതിന്റെയും തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെയും നിരസിച്ച

അപേക്ഷകളുടെയും വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.

4. സ്ഥാപനവുമായുള്ള എം.ഒ.യു പ്രകാരം പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരം രേഖാമൂലം PRTC യെയും പഞ്ചായത്തിനെയും അറിയിക്കണമെന്നും ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് PRTC യുടെ ചുമതലയാണെന്നും പറയുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്തിട്ടില്ല.

5. സർക്കുലർ നം. 485/ഡി.എ-1/2009/ത.സ്വ.ഭ.വ തിയതി 30-4-2009 പ്രകാരവും പ്രോജക്ട് മാനദണ്ഡങ്ങൾ പ്രകാരവും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചുകൊടുത്ത് അതാത് പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് 70 പേരുടെ ലിസ്റ്റുകൾ അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാക്കിയതിന്റേ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കത്ത് നം. 430/15 പ്രകാരം 4-1-2016 നാണ് ലിസ്റ്റുകൾ ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചു കൊടുത്തിട്ടുള്ളത്. ഈ തിയതിക്കു മുമ്പ് തന്നെ സ്ഥാപനത്തിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

6. 70 ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിനായുള്ള തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 19 പേരുടെ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ ഉള്ളത്. ബാക്കി 51 പേർ ട്രെയിനിംഗ് പൂർത്തിയാക്കിയതിന് മതിയായ തെളിവുകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ എഗ്രിമെന്റ് പ്രകാരം പഞ്ചായത്തധികൃതരോ പട്ടികജാതി വികസനഓഫീസറോ പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതും ആവശ്യമെങ്കിൽ വേണ്ട നിർദ്ദേശങ്ങൾ പി.ആർ.ടി.സി യ്ക്ക് നൽകേണ്ടതുമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലൊരു മോണിറ്ററിംഗ് പദ്ധതിയുടെ ഒരു ഘട്ടത്തിലും നടത്തിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് ആവശ്യമായ യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പു വരുത്താതെ അപേക്ഷ നൽകിയവർക്കെല്ലാം പരിശീലനം നൽകുന്നതിനായി പണം ചെലവഴിക്കുകയും പരിശീലനം പൂർത്തിയാക്കിയതിനു മതിയായ തെളിവുകൾ സൂക്ഷിക്കാതിരിക്കുകയും ചെയ്തതിനാൽ പദ്ധതി പണം ചെലവഴിക്കുന്നതിൽ സാമ്പത്തിക ഔചിത്യം പാലിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ 51 പേർക്ക് പരിശീലനം നൽകിയതിന്റെ എല്ലാ രേഖകളും ഹാജരാക്കുന്നതുവരെ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 8,67,000 രൂപ (51*17000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടികജാതി വിഭാഗം യുവതീയുവാക്കൾക്ക് സെക്യൂരിറ്റി ഗാർഡ് പരിശീലനം-പദ്ധതി ശരിയായി മോണിറ്ററിംഗ് നടത്തിയിട്ടില്ല

പ്രോജക്ട് നം -130/16
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 25,90,000

ചെലവ് -1,68,000

ട്രഷറി ബില്ലുകൾ

1) 26/15-16/23-03 -16- 84000

2) 30/15-16/28-03 -16- 84000

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 108 യുവതീയുവാക്കൾക്ക് വിവിധ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ഗാർഡ് ജോലികൾ നേടുവാൻ സർക്കാർ അംഗീകൃത സ്ഥാപനമായ Pre-recruitement training centre (PRTC), കോഴിക്കോട് വഴി രണ്ടു മാസത്തെ പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 8-ാം ക്ലാസ്സോ അതിനു മുകളിലോ യോഗ്യതയുള്ള ആരോഗ്യവാന്മാരായ യുവതീയുവാക്കൾക്കളെ സ്ഥാപനം നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് വഴി തെരഞ്ഞെടുത്ത് രണ്ടു മാസത്തെ പരിശീലനം ലഭ്യമാക്കുന്നതിനായി മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു.

ഒരാളുടെ പരിശീലന ചെലവ് - 24,000 രൂപ (വികസന ഫണ്ട്) + ഗു.വി - 1000 രൂപ.
പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. തൻവർഷം 14 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. പദ്ധതി സ്പിൽ ഓവർ ആയി തുടരുന്നുണ്ട്.
2. സർക്കുലർ നം. 485/ഡി.എ-1/2009/ത.സ്വ.ഭ.വ തിയതി 30-4-2009 പ്രകാരവും പ്രോജക്ട് മാനദണ്ഡങ്ങൾ പ്രകാരവും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചുകൊടുത്ത് അതാത് പഞ്ചായത്തുകളിലെ ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചിട്ടില്ല.
3. സ്ഥാപനം സ്ക്രീനിംഗ് നടത്തിയതിന്റെയും തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെയും നിരസിച്ച അപേക്ഷകളുടെയും വിശദാംശങ്ങളും ലഭ്യമല്ല. കൂടാതെ അപേക്ഷകരുടെ മതിയായ ശാരീരികയോഗ്യതകൾ ഉറപ്പു വരുത്തിയതിനുള്ള രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.
4. സ്ഥാപനവുമായുള്ള ധാരണാപത്രം പ്രകാരം പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരം രേഖാമൂലം PRTCയേയും ബ്ലോക്ക്പഞ്ചായത്തിനേയും അറിയിക്കണമെന്നും ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് PRTC യുടെ ചുമതലയാണെന്നും പറയുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ എല്ലാ നടപടിക്രമങ്ങളും പാലിക്കുവാനും ഫലപ്രാപ്തി ഉറപ്പാക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിനടത്തിപ്പിന്റെ എല്ലാ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/9-02-17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 വേഗ വിഹിതം (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് -6/16 – വേഗ വിഹിതം

അടങ്കൽ - 124000

ചെലവ് - 124000 (വികസന ഫണ്ട് – ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ബിൽ നമ്പർ -13/15-16 തിയതി - 23-1-16

വേഗ വിഹിതം നൽകുന്നതിനു വേണ്ടി ഡി.ഡി.നമ്പർ 243974 തിയതി 25-1-2016 പ്രകാരം പ്രോജക്ട് ഡയറക്ടർ, ഡി.പി.എ, പാലക്കാടിന് 124000 രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഡി.പി.എ-യിൽ നിന്നും

ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 9/ 10-2-2017)

## 3-9 ഐ.എ.വൈ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏഴ് ഗ്രാമപഞ്ചായത്തുകളിലെ ഐ.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ഗുണഭോക്താക്കൾക്ക് അനുവദിക്കുവാൻ ബാക്കിയുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | എസ്.സി ഡിപ്പാർട്ട്മെന്റ് (Block) |
| എസ്.സി.പി 31 | അനുവദിച്ച തുക | 2170000 | 1550000 | 620000 | 992000 | 868000 | 1240000 |
| | ചെലവഴിച്ച തുക | 1928500 | 425000 | 620000 | 928000 | 756000 | 760000 |
| | അവശേഷിക്കുന്ന തുക | 241500 | 1125000 | 0 | 64000 | 112000 | 480000 |
| ജനറൽ 31 | അനുവദിച്ച തുക | 2170000 | 1550000 | 620000 | 992000 | 868000 | - |
| | ചെലവഴിച്ച തുക | 2044000 | 250000 | 620000 | 960000 | 812000 | - |
| | അവശേഷിക്കുന്ന തുക | 126000 | 1300000 | 0 | 32000 | 56000 | - |

2. കണ്ണാടി ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താക്കളു ടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | എസ്.സി ഡിപ്പാർട്ട്മെന്റ് (block share) |
| എസ്.സി.പി 29 | അനുവദിച്ച തുക | 2024000 | 1450000 | 580000 | 928000 | 812000 | 1160000 |
| | ചെലവഴിച്ച തുക | 1736000 | 500000 | 540000 | 832000 | 700000 | 840000 |
| | അവശേഷിക്കുന്ന തുക | 288000 | 950000 | 40000 | 96000 | 112000 | 320000 |
| ജനറൽ 22 | അനുവദിച്ച തുക | 1540000 | 1100000 | 440000 | 704000 | 616000 | - |
| | ചെലവഴിച്ച തുക | 1498000 | 200000 | 440000 | 704000 | 616000 | - |
| | അവശേഷിക്കുന്ന തുക | 42000 | 900000 | 0 | 0 | 0 | - |

3. കോട്ടായി ഗ്രാമപഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | എസ്.സി ഡിപ്പാർട്ട്മെന്റ് (Block share) |
| എസ്. സി.പി 40 | അനുവദിച്ച തുക | 2800000 | 2000000 | 800000 | 1280000 | 1120000 | 1600000 |
| | ചെലവഴിച്ച തുക | 2422000 | 475000 | 740000 | 1248000 | 980000 | 760000 |
| | അവശേഷിക്കുന്ന തുക | 378000 | 1525000 | 60000 | 32000 | 140000 | 840000 |
| ജനറൽ 19 | അനുവദിച്ച തുക | 1330000 | 950000 | 380000 | 608000 | 532000 | - |
| | ചെലവഴിച്ച തുക | 1134000 | 250000 | 380000 | 608000 | 532000 | - |
| | അവശേഷിക്കുന്ന തുക | 196000 | 700000 | 0 | 0 | 532000 | - |

4. കുത്തനൂർ ഗ്രാമപഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | എസ്.സി ഡിപ്പാർട്ട്മെന്റ് (block share) |
| എസ്. സി.പി 29 | അനുവദിച്ച തുക | 2024000 | 1450000 | 580000 | 928000 | 812000 | 1160000 |
| | ചെലവഴിച്ച തുക | 1620500 | 275000 | 440000 | 800000 | 588000 | 640000 |
| | അവശേഷിക്കുന്ന തുക | 403500 | 1175000 | 140000 | 128000 | 224000 | 520000 |
| ജനറൽ | അനുവദിച്ച | 1890000 | 1350000 | 540000 | 864000 | 756000 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | തുക | | | | | | |
| 27 | ചെല വഴിച്ച തുക | 1638000 | 350000 | 400000 | 736000 | 588000 | - |
| | അവ ശേഷി ക്കുന്ന തുക | 252000 | 1000000 | 140000 | 128000 | 756000 | - |

5. മാത്തൂർ ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താ ക്കളുടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാ നം | ഗ്രാമ പഞ്ചാ യത്ത് | ബ്ലോക്ക് പഞ്ചാ യത്ത് | ജില്ലാ പഞ്ചാ യത്ത് | എസ്. സി ഡിപ്പാ ർട്ട്മെന്റ് (block share) |
| എസ്. സി.പി 32 | അനുവ ദിച്ച തുക | 2240000 | 1600000 | 640000 | 1024000 | 896000 | 1280000 |
| | ചെല വഴിച്ച തുക | 1925000 | 375000 | 640000 | 992000 | 868000 | 800000 |
| | അവശേ ഷിക്കുന്ന തുക | 315000 | 1225000 | 0 | 32000 | 28000 | 480000 |
| ജനറൽ 26 | അനു വദിച്ച തുക | 1820000 | 1300000 | 520000 | 832000 | 728000 | - |
| | ചെല വഴിച്ച തുക | 1641500 | 325000 | 520000 | 832000 | 700000 | - |
| | അവശേ ഷിക്കുന്ന തുക | 178500 | 975000 | 0 | 0 | 28000 | - |

6. പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താ ക്കളുടെ | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചാ | ബ്ലോക്ക് | ജില്ലാ പഞ്ചാ | എസ്.സി ഡിപ്പാ |

| എണ്ണം | | | | യത്ത് | പഞ്ചാ യത്ത് | യത്ത് | ർട്ട്മെന്റ് (block share) |
|---|---|---|---|---|---|---|---|
| എസ്. സി.പി 48 | അനുവദിച്ച തുക | 3360000 | 2400000 | 960000 | 1536000 | 1344000 | 1920000 |
| | ചെലവഴിച്ച തുക | 2691500 | 400000 | 880000 | 1364000 | 1120000 | 1160000 |
| | അവശേഷിക്കുന്ന തുക | 668500 | 2000000 | 80000 | 172000 | 224000 | 760000 |
| ജനറൽ 23 | അനുവദിച്ച തുക | 1610000 | 1150000 | 460000 | 736000 | 644000 | - |
| | ചെലവഴിച്ച തുക | 1578500 | 325000 | 460000 | 736000 | 644000 | - |
| | അവശേഷിക്കുന്ന തുക | 31500 | 825000 | 0 | 0 | 0 | - |

7. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | വിഹിതം | | | | | |
|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | എസ്.സി ഡിപ്പാർട്ട്മെന്റ് (block share) |
| എസ്. സി.പി 43 | അനുവദിച്ച തുക | 3010000 | 2150000 | 860000 | 1376000 | 1204000 | 1720000 |
| | ചെലവഴിച്ച തുക | 2437000 | 1775000 | 820000 | 1280000 | 1064000 | 400000 |
| | അവശേഷിക്കുന്ന തുക | 573000 | 375000 | 40000 | 96000 | 140000 | 1320000 |
| ജനറൽ 27 | അനുവദിച്ച തുക | 1890000 | 1350000 | 540000 | 864000 | 756000 | - |
| | ചെലവഴിച്ച തുക | 1701000 | 752000 | 500000 | 768000 | 672000 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | അവ ശേഷി ക്കുന്ന തുക | 189000 | 598000 | 40000 | 96000 | 84000 | - |

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടേയും വിതരണം ചെയ്യുവാനുള്ള തുകയുടേയും സംഗ്രഹം താഴെ ചേർക്കുന്നു.

എ. ജനറൽ വിഭാഗം

| ഗ്രാമ പഞ്ചായ ത്തിന്റെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | പഞ്ചാ യത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം |
|---|---|---|---|---|---|
| കുഴൽമന്ദം | 126000 | 1300000 | 0 | 32000 | 56000 |
| കണ്ണാടി | 42000 | 900000 | 0 | 0 | 0 |
| കോട്ടായി | 196000 | 700000 | 0 | 0 | 532000367 |
| കുത്തനൂർ | 252000 | 1000000 | 140000 | 128000 | 756000 |
| മാത്തൂർ | 178500 | 975000 | 0 | 0 | 28000 |
| പെരിങ്ങോട്ടുകുറിശ്ശി | 31500 | 825000 | | | |
| തേങ്കുറിശ്ശി | 189000 | 598000 | 40000 | 96000 | 84000 |
| ആകെ | 1015000 | 6298000 | 180000 | 256000 | 1456000 |
| വിഹിതം ലഭിക്കു വാൻ ബാക്കി യുള്ളവർ | 96 | 125 | 9 | 8 | 52 |

ബി. എസ്.സി വിഭാഗം

| ഗ്രാമ പഞ്ചായ ത്തിന്റെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | പഞ്ചാ യത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | എസ്. സി ഡിപ്പാ ർട്ട് മെന്റ് (block share) |
|---|---|---|---|---|---|---|
| കുഴൽമന്ദം | 241500 | 1125000 | 0 | 64000 | 112000 | 480000 |
| കണ്ണാടി | 288000 | 950000 | 40000 | 96000 | 112000 | 320000 |
| കോട്ടായി | 378000 | 1525000 | 60000 | 32000 | 140000 | 840000 |
| കുത്തനൂർ | 403500 | 1175000 | 140000 | 128000 | 224000 | 520000 |
| മാത്തൂർ | 315000 | 1225000 | 0 | 32000 | 28000 | 480000 |
| പെരി ങ്ങോട്ടുകു റിശ്ശി | 668500 | 2000000 | 80000 | 172000 | 224000 | 760000 |
| തേങ്കുറിശ്ശി | 573000 | 375000 | 40000 | 96000 | 140000 | 1320000 |
| ആകെ | 2867500 | 8375000 | 360000 | 620000 | 980000 | 4720000 |
| വിഹിതം ലഭിക്കു വാൻ ബാക്കി | 273 | 167 | 18 | 19 | 35 | |

| യുള്ളവർ | | | | | | | |
|---|---|---|---|---|---|---|---|

ഐ.എ.വൈ ഭവന പദ്ധതിക്കായി 73 എസ്.സി ഗുണഭോക്താക്കൾക്കും, 96 ജനറൽ ഗുണഭോക്താക്കൾക്കും കേന്ദ്ര വിഹിതത്തിൽ നിന്നും 10500 രൂപ വീതം നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

സംസ്ഥാന വിഹിതത്തിൽ നിന്ന് മിക്ക ഗുണഭോക്താക്കൾക്കും 50% തുക മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. എസ്.സി വിഭാഗത്തിലെ 167 പേർക്കും, ജനറൽ വിഭാഗത്തിൽ 125 പേർക്കും സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം മിക്ക ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

എസ്.സി വിഭാഗത്തിൽ 19 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ 8 ഗുണഭോക്താക്കൾക്കും ബ്ലോക്ക് വിഹിതം അനുവദിച്ചിട്ടില്ല.

എസ്.സി വിഭാഗത്തിൽ 35 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ 52 ഗുണഭോക്താക്കൾക്കും ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടില്ല.

എസ്.സി വിഭാഗക്കാർക്ക് വിതരണം ചെയ്യാനുള്ള ആകെ വിഹിതം – 17922500

ജനറൽ വിഭാഗക്കാർക്ക് വിതരണം ചെയ്യുവാനുള്ള ആകെ വിഹിതം – 9205000

രണ്ട് വർഷ പദ്ധതിയായി വിഭാവനം ചെയ്യുന്ന ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം നീണ്ടു പോകാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാനും, വിതരണം ചെയ്യാതെ അവശേഷിക്കുന്ന എല്ലാ വിഹിതങ്ങളും വിതരണം ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 പദ്ധതി ആസൂത്രണത്തിലെ പാളിച്ച മൂലം പ്രൊജക്ടുകൾ ഉപേക്ഷിച്ചു

2015-16 വർഷത്തിൽ ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വികസനഫണ്ട് ഉപയോഗിച്ച് താഴെ പറയുംപ്രകാരം 4 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമാക്കി തുക വകയിരുത്തിയെങ്കിലും ഒരു പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രാഥമികമായ പഠനം പോലും നടത്താതെയാണ് മേൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവഴിച്ച തുക | ഉപേക്ഷിക്കുന്നതിനുള്ള കാരണം |
|---|---|---|---|
| 39/16- ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ നൽകൽ (SCP) | 6,00,000 | 0 | ഭിന്നശേഷിക്കാരായ SC ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 54/16-ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് മേശയും കസേരയും നൽകൽ | 22,40,000 | 0 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രോജക്ട് ചെയ്യാൻ കഴിയാത്തതിനാൽ |
| 55/16- ഹൈസ്കൂൾവിദ്യാർത്ഥിനികൾക്ക് | 33,60,000 | 0 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| മേശയും കസേരയും നൽകൽ(SCP) | | | ഈ പ്രോജക്ട് ചെയ്യാൻ കഴിയാത്തതിനാൽ |
| 118/16-ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് | 1,00,000 | 1,00,000 | - |
| ആകെ | 63,00,000 | 1,00,000 | |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ അല്ലെങ്കിൽ പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് മുമ്പ് തന്നെ പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായ പ്രോജക്ടാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥനും പ്രോജക്ടിന് അംഗീകാരം നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ ഉറപ്പു വരുത്തേണ്ടതാണ്. നടപ്പിലാക്കാൻ കഴിയില്ലെന്ന് കണ്ട് മേൽ പ്രോജക്ടുകൾ ഭേദഗതി വരുത്തി പുതിയ പ്രോജക്ടുകൾ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണോദ്യോഗസ്ഥനായി ഏൽപ്പിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.
സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 3-8-2016 ലെ സർക്കുലർ നം E5-20123/16(4) പ്രകാരവും തയ്യാറെടുപ്പുകളുടെയോ പ്രായോഗികതാപഠനത്തിന്റെയോ അഭാവത്താൽ ഒരു പ്രാജക്ട് നടപ്പിലാകാതിരിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നത് വഴി സർക്കാർ ധനം പാഴായിപ്പോകുന്ന സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ആവശ്യമായ പഠനങ്ങൾ നടത്തി നടപ്പിലാക്കാവുന്ന പദ്ധതികൾ മാത്രം ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി ആകെ 100000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കുഴൽമന്ദം ഗ്രാമപഞ്ചായത്തൊഴികെ മറ്റു പഞ്ചായത്തുകൾ പദ്ധതി സംയുക്ത പ്രോജക്ട് അല്ലാത്തതിനാൽ തുക ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2103/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം നിർബന്ധമായും സംയുക്ത പ്രോജക്ടായി നടപ്പിലാക്കേണ്ട പദ്ധതിയാണ് ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ് പദ്ധതി. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പായി സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ഒരു പ്രത്യേക യോഗം ചേരേണ്ടതും യോഗത്തിൽ അതത് ബ്ലോക്ക് അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് സംയുക്ത പ്രോജക്ടുകളുടെ കാര്യവും തുകയും തീരുമാനിക്കേണ്ടതാണ് എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. ഭിന്നശേഷിയുള്ള ഒരു ഗുണഭോക്താവിന് നൽകേണ്ട പ്രതിമാസ /വാർഷിക സ്കോളർഷിപ്പ് തുകകൾ പൂർണ്ണമായുംനൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് നിർവ്വണോദ്യോഗസ്ഥന്റെയും പഞ്ചായത്തധികൃതരുടെയും ചുമതലയാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.
വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും പിന്നീട് നടപ്പിലാക്കാനാവാതെ ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവണത അഭിലഷണീയമല്ല.പദ്ധതി ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളും ഉത്തരവാദപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക/ ചെലവ് | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത് | 2015-16 | 1240000 | IAY വിഹിതം | കൃത്യമായ കണക്കുകൾ ലഭ്യമല്ല. (വിശദാംശങ്ങൾ ഖണ്ഡിക 3-9 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) |
| വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത് | 2015-16 | 4457134 | IAY വിഹിതം | |
| വിവിധ ഗ്രാമ പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത് | 2015-16 | 36391443 | IAY വിഹിതം | |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയവിവരം

| ക്രമ നം. | പ്രവൃത്തി | തുക | വിശദാംശം | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പാലപ്പൊറ്റ കോട്ടായി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 35000 | ഡി.ഡി.നം. 241742/10-9-2015 പ്രകാരം വെണ്ണക്കര ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തു. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| 2 | ചിതലി മുതൽ നൂലിടാംപാറ വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 10667 | ഡി.ഡി.നം. 241741/10-9-2015 പ്രകാരം കുഴൽമന്ദം ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തു | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | |
| ആകെ | | 45667 | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഈ ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡി | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | ക | | അവസ്ഥ |
|---|---|---|---|---|---|
| 2011-12 | വിഷയാധിഷ്ഠിത അവലോകനം-പ്രത്യേക ഖണ്ഡിക | 2014-15 | 4.1.5 | 11,62,916 രൂപയ്ക്ക് SGSY വിപണനകേന്ദ്രം നിർമ്മിച്ചെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം നാളിതുവരെ പരിഗണിച്ചിട്ടില്ല |
| 2011-12 | വിഷയാധിഷ്ഠിത അവലോകനം-പ്രത്യേക ഖണ്ഡിക | 2014-15 | 4.1.13 | കോട്ടായി ഗ്രാമ പഞ്ചായത്തിന് 455970 രൂപയ്ക്ക് വാങ്ങി നൽകിയ ട്രാൻസ്പ്ലാന്റർ ഉപയോഗശൂന്യം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 214064326 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 158044516 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29995 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 867000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 29995 (Fine) | ശ്രീ. എം.കെ. സുഭാഷ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 867000 | ശ്രീ.ടി.ദേവാനന്ദ്,<br>പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.കെ. സുഭാഷ്,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി സബ്ഡിവിഷൻ,<br>ഒറ്റപ്പാലം ബ്ലോക്ക് | മനാശ്ശേരി വീട്,<br>കൊരട്ടി (പി.ഒ),<br>തൃശ്ശൂർ-680308 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | LFP6/1234/15.1.09 | 7 |
| 2003-04 | LFP8/726/7.8.10 | 4 |
| 2004-05 | LFP8/1240/29.3.12 | 7 |
| 2005-06 | LFP8/1240/10.4.12 | 2 |
| 2006-07 | LFP8/1921/9.11.12 | 5 |
| 2007-08 | LFP8/1921/9.11.12 | 5 |

| | | |
|---|---|---|
| 2008-09 | LFP8/513/27.3.13 | 7 |
| 2009-10 & 2010-11 | LFP8/780/13.12.14 | 23 |
| 2011-12 | LFP8/780/13.12.14 | 16 |
| 2012-13, 2013-14 & 2014-15 | KSA-PKD 8/255/16/12-02-16 | 18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ